2009
ജൂൺ 25
വ്യാഴം

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 THURSDAY JUNE 25 , 2009 RAJAB 02, 1430. PAGE 16, ISSUE 3730

## തൊഴിലാളി- എംബസി- എൽ.എം.ആർ.എ ആശയവിനിമയത്തിന് പുതിയ സംവിധാനം

# എംബസി പോർട്ടൽ, മൊബൈൽ അലർട്ട്

കെ. കണ്ണൻ

മനാമ: എംബസികളുമായും തൊഴിലാളികളുമായുമുള്ള ആശയവിനിമയം കൂടുതൽ ഫലപ്രദമാക്കാൻ എൽ.എം.ആർ.എ രണ്ട് പുതിയ സംവിധാനങ്ങൾക്ക് തുടക്കമിട്ടു. ഓരോ രാജ്യത്തെയും പൗരന്മാരുടെ പൂർണ വിവരം എംബസിക്ക് മനസ്സിലാക്കാൻ എംബസി പോർട്ടലും തൊഴിലാളികൾക്ക് വിസ സംബന്ധിച്ച വിവരങ്ങളറിയാൻ മൊബൈൽ അലർട്ട് സംവിധാനവും തുടങ്ങി. ഇന്നലെ എൽ.എം.ആർ.എ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അലി റദി, എംബസി പോർട്ടലിനും എസ്.എം.എസ് സംവിധാനത്തിനും തുടക്കമിട്ടു.

അതാതുരാജ്യത്തെ പൗരന്മാരെക്കുറിച്ച വിവരമുൾക്കൊള്ളുന്നതാണ് എംബസി പോർട്ടൽ. ഇത് എംബസികൾക്കുമാത്രമേ ഉപയോഗിക്കാൻ കഴിയൂ. ഓരോരുത്തരുടെയും പേര്, ഫോട്ടോ, സി.പി.ആർ- പാസ്പോർട്ട് നമ്പർ, വർക്ക് വിസ അനുവദിച്ചതും കാലാവധി തീരുന്നതുമായി തീയതികൾ, വിസയുടെ നിയമസാധുത, എത് കമ്പനിയിൽ ജോലി ചെയ്യുന്നു, ജോലിക്ക് ഹാജരാകാത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ട ആളാണോ തുടങ്ങി എല്ലാ വിവരങ്ങളുമുള്ളതാണ് എംബസി പോർട്ടൽ. ഇതുപയോഗിച്ച് ഓരോ പൗരന്റെയും തൊഴിലിന്റെയും താമസത്തിന്റെയും നിയമസാധുത എംബസിക്ക് മനസ്സിലാക്കാം.




*എംബസി പോർട്ടലിന്റെയും മൊബൈൽ അലർട്ടിന്റെയും വീഡിയോ ഡിസ്പ്ലേ*

മൊബൈൽ ഫോണിലൂടെ വിസയുടെ നിയമസാധുത അറിയാനുള്ള എസ്.എം.എസ് സംവിധാനത്തിനും അലി റദി തുടക്കമിട്ടു. CPR എന്ന് ടൈപ്പ് ചെയ്ത് സ്പേസ് അടിച്ചശേഷം സി.പി.ആർ നമ്പർ അടിച്ച് എസ്.എം.എസ് അയച്ചാൽ വിസ റദ്ദായതാണോ, 'റൺ എവേ' ആയി റിപ്പോർട്ട് ചെയ്യപ്പെട്ടതാണോ തുടങ്ങിയ വിവരങ്ങൾ മറുപടിയായി ലഭിക്കും. (CPR 680XXXX31 എന്ന മാതൃകയിലാണ് എസ്.എം.എസ് അയക്കേണ്ടത്).

ബറ്റൽകോ ഉപഭോക്താക്കൾ 90168 എന്ന നമ്പറിലും സെയ്ൻ ഉപഭോക്താക്കൾ 77070 എന്ന നമ്പറിലുമാണ് എസ്.എം.എസ് അയക്കേണ്ടത്. ഇതുവരെ 400ഓളം പേരുടെ എസ്.എം.എസ് സന്ദേശങ്ങൾ ലഭിച്ചതായി അലി റദി പറഞ്ഞു.